# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **30-01-2024 - ൽ മറുപടിയ്ക്ക്**

## KSIDC ക്ക് ഓഹരി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് എന്ന കമ്പനിയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി ക്ക് ഓഹരിയുണ്ടോ ; ഉണ്ടെങ്കിൽ മൂല്യമെത്രയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 73 കമ്പനികളിൽ KSIDC-ക്ക് ഓഹരി നിക്ഷേപമുള്ളതിൽ CMRL എന്ന കമ്പനിയിൽ 1991 ഫെബ്രുവരി മാസം മുതൽ ഓഹരി നിക്ഷേപമുണ്ട്. CMRL-ലെ ഓഹരി നിക്ഷേപത്തിന് BSE യുടെ 31.12.2023 ലെ വിപണിവില പ്രകാരം ഏകദേശം 28 കോടി രൂപ മൂല്യം വരുമെന്നാണ് കണക്കാക്കുന്നത്. |
| (ബി) | സി.എം.ആർ.എൽ. കമ്പനി 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചെലവുകൾ പെരുപ്പിച്ച് കാട്ടി ലാഭം കുറച്ച് കാണിച്ച് വരുമാന നികുതി വെട്ടിച്ചു എന്ന് ഇൻകംടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് നടത്തിയ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് സർക്കാരിന് ഔദ്യോഗികമായി ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം നടപടിയിലൂടെ ലാഭം കുറഞ്ഞത് വഴി ഓഹരി ഉടമകൾക്ക് ലഭിക്കേണ്ട ലാഭ വിഹിതത്തിൽ വന്ന കുറവ് കമ്പനി ഉടമകളിൽ നിന്ന് ഈടാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മേൽ “ബി” പിരിവിന്റെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ